**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് - പഴുക്കാട്ട് കുടിവെള്ള പദ്ധതി, പുത്തൂർ കോളനി കുടിവെള്ള പദ്ധതി എന്നീ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് കുടിശിക ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **1804**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.06.2012.

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 30.12.2011, 31.05.2012 എന്നീ തീയതികളിലെ ജെ7-36603/11 നമ്പർ കത്ത്:

2) 18.11.2011-ലെ ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ.

**ഉത്തരവ്**

ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലെ പഴുക്കാട്ട് പറമ്പ് കുടിവെള്ള പദ്ധതി, പുത്തൂർ കോളനി കുടിവെള്ള പദ്ധതി എന്നിവയുടെ വൈദ്യുതി ചാർജ് കുടിശിക യഥാക്രമം 89111/- രൂപ, 15282/- രൂപ ആണെന്നും; ആയത് സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡ് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ ടി തുകകൾ ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശങ്ങൾ പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലെ പഴുക്കാട്ട് പറമ്പ് കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശികയായ **89,111/- (എൺപത്തി ഒൻപതിനായിരത്തി നൂറ്റി പതിനൊന്ന് രൂപ മാത്രം)** രൂപയും പുത്തൂർ കോളനി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കുടിശികയായ **15,282/- രൂപയും (പതിനയ്യായിരത്തി ഇരുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം)** ടി പദ്ധതികൾ പ്രവർത്തനക്ഷമമാക്കി തുടർന്ന് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറേണ്ടതാണ് എന്ന നിബന്ധനയോടെ

ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ലെക്കിടി-പേരൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട്.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കോഴിക്കോട് റീജിയൺ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. **(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)**
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.